**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

മഹാത്മാഗാന്ധി സർവകലാശാല - സ്റ്റുഡന്റ് അഫിലിയേഷൻ ഫീസ്, മെട്രിക്കുലേഷൻ ഫീസ് എന്നിവ 2019-20 അക്കാദമിക വർഷം മുതൽ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 1931/AC A 1/2019/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 08.05.2019

---

പരാമർശം:-1. 21.05.2018 ലെ സർവകലാശാല ഉത്തരവ് നം. 4097/എ1/2/2018/അക്കാദമിക്.

2. 07.07.2018 ലെ സർവകലാശാല ഉത്തരവ് നം.5359/എ1/2/2018/അക്കാദമിക്.

3. അഫിലിയേറ്റഡ് ആർട്ട്സ് ആൻഡ് സയൻസ് കോളേജുകളിൽ നടത്തപ്പെടുന്ന ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള കേന്ദ്രീകൃത പ്രവേശന സംവിധാനത്തിന്റെ നിരീക്ഷണ കമ്മറ്റിയുടെ 03.05.2019-ൽ കൂടിയ യോഗത്തിന്റെ നടപടികുറിപ്പ്.

**<u>ഉത്തരവ്</u>**

മേൽ പരാമർശം (1) പ്രകാരം, അഫിലിയേറ്റഡ് ആർട്ട്സ് ആൻഡ് സയൻസ് കോളേജുകളിലേക്കുള്ള ബിരുദ ബിരുദാനന്തര പ്രോഗ്രാമുകളിലേക്കുള്ള മെട്രിക്കുലേഷൻ ഫീസ്, 200/- രൂപയായി പരിഷ്ക്കരിക്കുകയും, പരാമർശം (2) പ്രകാരം ബിരുദ പ്രോഗ്രാമുകളുടെ സ്റ്റുഡന്റ് അഫിലിയേഷൻ ഫീസ്, 2018-19 അക്കാദമിക് വർഷം മുതൽ 450/- രൂപയായും, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ ടി ഫീസ് 650/- രൂപയായി പരിഷ്ക്കരിക്കുകയും ചെയ്തിരുന്നു.

അഫിലിയേറ്റഡ് ആർട്ട്സ് ആൻഡ് സയൻസ് കോളേജുകളിൽ നടത്തപ്പെടുന്ന ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള കേന്ദ്രീകൃത പ്രവേശന സംവിധാനത്തിന്റെ നിരീക്ഷണ കമ്മറ്റിയുടെ 03.05.2019-ൽ കൂടിയ യോഗം, പരാമർശം (3) പ്രകാരം, സ്റ്റുഡന്റ് അഫിലിയേഷൻ ഫീസ്, മെട്രിക്കുലേഷൻ ഫീസ് എന്നിവ 2019-20 അക്കാദമിക വർഷം മുതൽ താഴെ പറയും പ്രകാരം പരിഷ്ക്കരിക്കുവാൻ ശുപാർശ ചെയ്തു.

| ക്രമ നമ്പർ | ഇനം | പരിഷ്കരിച്ച ഫീസ് | |
|---|---|---|---|
| | (ഒരു തവണ പ്രവേശന വർഷം മാത്രം) | ബിരുദം | ബിരുദാനന്തര ബിരുദം |
| 1 | മെട്രിക്കുലേഷൻ ഫീസ് | 250 | 250 |
| 2 | സ്റ്റുഡന്റ് അഫിലിയേഷൻ ഫീസ് | 550 | 750 |

ടി ശുപാർശ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസിലർ (I/C) അംഗീകരിക്കുകയും ചെയ്തു.

Draft #1 of File 15698/AC A1/2/2019/VC SECTION Approved by ASSISTANT REGISTRAR I ACADEMIC on 08-May-2019 11:15 AM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

തദനുസരണം പരാമർശം (1), (2) ഉത്തരവുകൾ ഭേദഗതി ചെയ്തുകൊണ്ട് മേൽഫീസ് പരിഷ്കരണം 2019-20 അധ്യയന വർഷം മുതൽ പ്രാബല്യത്തിലായതായി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സ്റ്റാലിൻ .പി. എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ അഫിലിയേറ്റഡ് കോളേജുകളുടെ പ്രിൻസിപ്പൽമാർക്കും
2. ബന്ധപ്പെട്ട സെക്ഷനുകൾക്കു
3. വൈസ് ചാൻസിലർ /പ്രോ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
4. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/കൺട്രോളർ ഓഫ് എക്സാമിനേഷൻസ് എന്നിവരുടെ പി.എ മാർ
5. ജെ.ആർ/ഡി.ആർ/ എ.ആർ (അക്കാദമിക്/ഫിനാൻസ്/പരീക്ഷ)
6. കോൺടെന്റ് മാനേജ്മെന്റ് സെക്ഷൻ/ഐ.ക്യൂ.എ.സി/എസി.എ 8/അന്വേഷണ വിഭാഗം
7. എ.സി.സി 1/പി.ആർ.ഒ/എ.സി.ബി 6/എ.സി.ബി 7 സെക്ഷനുകൾ
8. കരുതൽ ഫയൽ/ഫയൽ കോപ്പി/റെക്കോർഡ്സ്

Draft #1 of File 15698/AC A1/2/2019/VC SECTION Approved by ASSISTANT REGISTRAR I ACADEMIC on 08-May-2019 11:15 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം